# അമേരിക്കൻ കഥകൾ

## മിനികഥകൾ മുപ്പത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചിക്ക്, KCVയുടെ കഥ പറഞ്ഞ് തീർക്കാനുള്ള തിരക്കിലായിരുന്നു. അതിനിടയിൽ അപ്രതീക്ഷിതമായിട്ടാണ് മണിയുടെ കഥ വന്നതും, അത് തീർക്കാൻ നിബന്ധിത ആയതും.

അപ്രതീക്ഷിതമായി മാനത്ത് പൊട്ടി വിടന്ന് പൊലിഞ്ഞ ഒരു വൻ താര പ്രഭ ആയിരുന്നു KCV. ആ താര ശോഭയിൽ ആ പ്രദേശമെങ്ങും വിളങ്ങി, തിളങ്ങി. അയാൾ അയാളുടെ പള്ളിയിലെ സെക്രട്ടറി ആയി. അയാൾക്ക് ശിങ്കിടികൾ ധാരാളമായി. അയാൾ പറഞ്ഞാൽ കേൾക്കാൻ, അനുസരിക്കാൻ ധാരാളം ആൾക്കാർ ആയി. അങ്ങിനെയുള്ള സമയത്താണ് പ്രിയ സുഹ്രുത്ത് PPP യെ നാട്ടിൽ നിന്നും എത്തിച്ചത്. എന്നാൽ, അയാളുടെ പ്രതീക്ഷയെ തകിടം മറിച്ചാണ് സംഭവങ്ങൾ നടന്നത്. പെങ്ങൾ പറഞ്ഞത് കേട്ട് അയാൾ, PPP യെ തെറ്റിദ്ധരിച്ചു; അത് ശരിയായ ധാരണ എന്നാണ് കരുതിയത്. വർഷങ്ങൾ കഴിഞ്ഞ ശേഷമാണ്, അത് തെറ്റിദ്ധാരണ എന്ന് മനസ്സിലായത്.

പെങ്ങൾ, മരിച്ചു കഴിഞ്ഞപ്പോൾ മുതൽ, അവളുടെ മക്കൾ അയാളുടെ കൂടെ സ്ഥിര താമസമായപ്പോൾ മുതൽ അയാളും ഭാര്യ, നാൻസിയും തമ്മിൽ ഉടക്കായി. ഏകദേശം ഈ സമയത്താണ്, അവരുടെ മൂത്ത മകൾ ഒരു കറമ്പന്റെ കൂടെ ഒളിച്ചോടി പോയത്. ജോലി കഴിഞ്ഞു വന്നാൽ, അയാൾ സാധാരണ ഫോണിൽ സംസാരമായി തിരക്കിലായിരിക്കും. നാൻസി ഡബിൾ ജോലി ചെയ്ത് അവിടെ കാണത്തില്ല. മക്കൾക്ക് മാതാപിതാക്കളുടെ വാത്സല്യം കിട്ടാതെ വരുമ്പോൾ, അവർ ആൺ പെൺ സുഹൃത്തുക്കളുടെ സ്നേഹവായ്പിൽ കുരുങ്ങുന്നത് അമേരിക്കയിൽ ഒരു സാധാരണ സംഭവമാണ്. അവർ പതിനെട്ടു വയസു വെരെ വളരെ മൗനമായി നടത്തുന്ന പണികൾ, ആ പ്രായത്തിനു ശേഷം പരസ്യമായി തുടങ്ങും. ആ പ്രായം കഴിഞ്ഞാൽ അവരെ ആർക്കും ഒന്നും ചെയ്യാൻ സാധിക്കത്തില്ല എന്ന വകുപ്പ് ഈ കുരുന്നു ഹൃദയങ്ങളിൽ ഉണ്ട്. പിന്നെ അവർക്ക് ആരേയും ഭയപ്പെടാനില്ല.

എന്നാൽ ഈ പെണ്ണിന്റെ ഈ വിവരങ്ങൾ PPPയുടെ മൂത്ത മോൾക്ക് അറിയാം എന്ന് അയാൾ ധരിച്ചിരുന്നു. ആ പെണ്ണിന്റെ വിവാഹം നടത്താനുള്ള തീയതികളുടെ അടുത്താണ് ഈ കോലാഹലം പൊട്ടി പുറപ്പെടുന്നത്. ഈ വിവരം അയാളെ എന്തുകൊണ്ട് അറിയിച്ചില്ല എന്നാരോപണവുമായി അയാൾ ബഹളമായി. എന്തായാലും പെണ്ണ്, കറമ്പന്റെ കൂടെ താമസമായി. അപ്പോൾ അയാളും ഭാര്യയുമായി എന്നും വീട്ടിൽ വഴക്കും ബഹളവുമായി.

പെണ്ണ് കറമ്പന്റെ കൂടെ ആറുമാസം താമസിച്ചു. അവന്റെ കയ്യിലെ പണമെല്ലാം തീർന്നു. പിന്നെ ജീവിക്കണമെങ്കിൽ പണം വേണം. കറമ്പൻ കൂട്ടുകാരെ കൊണ്ടു വന്ന് ആവർ ഓരോരുത്തരുടേയും കൂടെ കിടന്ന്, പണമുണ്ടാക്കാൻ അവൻ ആവശ്യപ്പെട്ടു. അവൾ സമ്മതിക്കാതെ വന്നു. അവസാനം അവൾ, ജീവനും കൊണ്ടോടി, നാൻസിയുടെ അടുക്കൽ എത്തി. അവൾ അവിടെ വന്നപ്പോൾ KCV ജോലിയിലായിരുന്നു നാൻസിക്കറിയാമായിരുന്നു അയാൾ വരുമ്പോൾ അവിടെ യുദ്ധം ഉണ്ടാകുമെന്ന്. അതു പോലെ സംഭവിച്ചു. പെണ്ണ് അവിടെ നിന്നും ഉടനെ ഇറങ്ങി പോകണകമന്ന് അയാൾ. നൊന്തു പെറ്റ അമ്മ അത് സമ്മതിക്കത്തില്ല. ആ പെണ്ണ് താമസിക്കുന്ന വീട്ടിൽ അയാൾ താമസിക്കത്തില്ലന്നയാൾ. പെണ്ണ് ഗർഭിണിയുമാണ്. എട്ടും പൊട്ടും തിരിയാത്ത പെണ്ണിന് അങ്ങിനെ സംഭവിച്ചതിൽ അത്ഭുതപെടാനില്ല. ഈ അവസ്ഥയിൽ, അല്ലങ്കിലും സ്വന്തം മകളെ യാതൊരു കാരണവശാലും ഇറക്കി വിടത്തില്ലെന്ന് നാൻസി. വഴക്കു മൂത്തു. അവസാനം അതു സംഭവിച്ചു; KCV അയാളുടെ സാധനങ്ങൾ എല്ലാം എടുത്ത് വീട് വിട്ടിറങ്ങി. വളരെ അടുത്തു തന്നെ ഒരു എപ്പാർട്ടുമെന്റിലേക്ക് താമസം മാറ്റി.

ഇതിനിടയിൽ നാൻസി അവളുടെ ഒരേ ഒരു ആങ്ങളയേയും കുടുംബത്തേയും നാട്ടിൽ നിന്നും വരുത്തി കഴിഞ്ഞിരുന്നു. അയാളുമായി സ്നേഹത്തിൽ കഴിഞ്ഞിരുന്നപ്പോൾ, അയാളുടെ സഹായത്തൊടു കൂടെ എല്ലാം ചെയ്യാൻ സാധിച്ചു.

KCV ഒറ്റയ്ക്കുള്ള താമസം വളരെ ക്ലേശമായിരുന്നു. ആത്മാർത്ഥമായി വിശ്വസിച്ച് കാര്യങ്ങൾ ചെയ്യാനായി PPP യും കൂടെ ഇല്ലാതെ പോയി. ഈ സമയത്ത് ആരെങ്കിലും കൂടെ ഉണ്ടായിരുന്നെങ്കിൽ എന്ന് അയാൾ ആത്മാർത്ഥമായി ആഗ്രഹിച്ചു പോയി. പ്രിയപ്പെട്ട കൂട്ടുകാരന് അബദ്ധം പറ്റി എന്നറിഞ്ഞ് അന്വേഷിച്ച് PPP ചെന്നപ്പോഴേക്കും സമയം വളരെ വൈകിയിരുന്നു. എല്ലാം ഉള്ളു തുറന്ന് സംസാരിക്കാൻ പോലും പറ്റാത്ത അവസ്ഥയിലായി കഴിഞ്ഞിരുന്നു. ഏകദേശം രണ്ടു വർഷത്തോളം അയാൾ അങ്ങിനെ കഷ്ടപ്പെട്ടു.

അവസാനം അയാൾ കേരളത്തിൽ ചെന്ന്, അമ്മാച്ചന്റെ സഹായത്തോടു കൂടി വളരെ പ്രായവ്യത്യാസമുള്ള ഒരു പെണ്ണിനെ വിവാഹം കഴിച്ചു. ഏകദേശം ആറു മാസ സമയം കൊണ്ട്, അവളെ അവിടെ എത്തിച്ചു. നല്ല വിദ്യാഭ്യാസമുള്ള പെണ്ണാണെങ്കിലും, ആ വിദ്യാഭ്യാസം കൊണ്ട് അമേരിക്കയിൽ ജോലി കിട്ടത്തില്ല. എന്നാൽ അയാൾക്ക് ഏകദേശം നല്ല വരുമാനം ഉള്ളതുകൊണ്ട്, അവർക്ക് കഷ്ടിച്ച് സുഭിക്ഷമായി കഴിയാം. ആ സ്ഥലത്ത് മലയാളികളുടെ ഇടയിൽ ആദ്യമായാണ് അങ്ങിനെയുള്ള സംഭവങ്ങൾ നടക്കുന്നത്. അത് പിന്നീടുള്ളവർക്ക് ഒരു മാർഗ്ഗദർശനമായി.

നാൻസി യാതൊരു കുഴപ്പവുമില്ലാതെ സുഖമായി കഴിഞ്ഞു. കറമ്പന്റെ കൂടെ പോയ മൂത്ത മോൾ പെറ്റു; നല്ല സുന്ദരൻ ഒരു കറമ്പൻ കുട്ടപ്പൻ. നാൻസിക്ക് മാനസീകമായി വളരെ പ്രയാസം ഉണ്ടെങ്കിലും സഹിച്ചേ പറ്റത്തുള്ളല്ലോ. ആൺ കൊച്ചാണെന്നു കണ്ടപ്പോൾ സ്വല്പം സന്തോഷമായി. അവളുടെ ഏറ്റവും ഇളയ മോന്, അപ്പോൾ ഏകദേശം പന്ത്രണ്ടു വയസായി. എന്തായാലും മോൾ വിവാഹം കഴിച്ചിരുന്നില്ല.

അമേരിക്കയിൽ, ആണും പെണ്ണും തമ്മിൽ സ്നേഹമായാൽ വിവാഹം ചെയ്യാതെ എത്ര വർഷം വേണമെങ്കിലും ബോയ്ഫ്രണ്ടും ഗേൾഫ്രെണ്ടുമായി താമസിച്ച്, എത്ര മക്കളുമായും ജീവിക്കാം; യാതൊരു ക്കുഴപ്പവുമില്ല. KCV കേരളത്തിൽ പോയി ഒരു പെണ്ണിനെ വിവാഹം ചെയ്തെന്നു കേട്ടപ്പോൾ, നാൻസിക്കും വീണ്ടും വിവാഹം കഴിക്കണമെന്നാശയും വാശിയുമായി. അവൾ അഞ്ചടി പൊക്കമേ ഉള്ളെങ്കിലും, നല്ല വെളുത്ത നിറമാണ്; ആരു കണ്ടാലും ഇഷ്ടപെടുന്ന ഒരു കച്ചി തുറു ആയിരുന്നു. അവസാനം, അവിടെ നിന്നും, വളരെ ദൂരെയുള്ള ഒരു സ്റ്റേറ്റിൽ പോയി താമസിക്കുന്ന ഭാര്യ മരിച്ച ഒരു മനുഷനെ വിവാഹം ചെയ്ത് അങ്ങോട്ട് താമസം മാറ്റി.

KCV അമേരിക്കയിൽ വന്ന കാലം മുതലേ പ്രമേഹ രോഗി ആണ്. എന്തായാലും പുത്തൻ ഭാര്യയിൽ ഒരു മകളായി. ആ പെണ്ണിന് വളരെ തുഛമായ ശമ്പളം കിട്ടുന്ന ഒരു ജോലി ആയി. അവർ വളരെ ചെറിയ ഒരു വീടു വാങ്ങി. ഏകദേശം പതിനഞ്ചു വർഷം ഒന്നിച്ചു താമസിച്ചു. മനസമാധനം ഇല്ലാതെ വന്നാൽ പ്രമേഹം വരിക മാത്രമല്ല; അത് കൂടി കൊണ്ടിരിക്കും.. അയാൾ പുത്തൻ ഭാര്യയുമായി വളരെ സ്നേഹത്തിലായിരുന്നെങ്കിലും, പഴയ കാര്യങ്ങൾ സമാധാനം നഷ്ടപ്പെടുത്തി കൊണ്ടിരുന്നു, അയാളറിയാതെ. അവസാനം അയാൾ രോഗി ആയി; ജോലി നഷ്ടമായി; മരണത്തിന് കീഴ്‌വഴങ്ങി;.